"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തസ്വഭവ- **2024-25** വർഷം ധനകാര്യ കമ്മീഷൻ ഗ്രാൻറ് (ടൈഡ്) ഫണ്ട് വിനിയോഗിച്ച് കുടിവെള്ള ചാർജ്ജിനത്തിലെ കുടിശ്ശിക തുക കേരള വാട്ടർ അതോറിറ്റിക്ക് അടവാക്കിയ വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.**2401/2025/LSGD** തീയതി,തിരുവനന്തപുരം, **03-10-2025**

---

പരാമർശം:- 1. കാസർഗോഡ് ജില്ലാ പ്ലാനിങ് ഓഫീസറുടെ **03.03.2025**- ലെ കത്ത് **(SRG/209/25 - CC/84/2025)**

2. **21.08.2025**-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ **4.35**

**<u>ഉത്തരവ്</u>**

വലിയപറമ്പ ഗ്രാമപഞ്ചായത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ധനകാര്യ കമ്മീഷൻ ഗ്രാൻറ് (ടൈഡ്) ഉപയോഗിച്ചാണ് കേരളാ വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം അടവാക്കുന്നത്. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം കുടിശ്ശിക അടക്കൽ (പ്രോജക്ട് നം. **254/24**) എന്ന പ്രോജക്ടിന്റെ ഭാഗമായി പഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാൻറ് (ടൈഡ്) ഉപയോഗിച്ചത് അപാകതയായി ചൂണ്ടികാണിച്ച് **2023-24** വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയിൽ വിശദീകരണം നൽകുന്നതിലേക്കായി വലിയപറമ്പ ഗ്രാമ പഞ്ചായത്തിന് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാൻറ് ധനവിനിയോഗ മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി തൻ വർഷത്തെ കുടിവെള്ള ചാർജ്ജ് അടവാക്കുന്നതിനായി ധനകാര്യ കമ്മിഷൻ ഗ്രാൻറ് (ടൈഡ്) വിഭാഗം ഫണ്ട് ഉപയോഗിച്ചതിനാണ് വിശദീകരണം ആവശ്യപ്പെട്ടിട്ടുള്ളത്.

**2. 2023-24** വർഷം **13,97,664/-** രൂപയും **2024-25** വർഷം **4,65,888/-** രൂപയും ധനകാര്യ കമ്മിഷൻ ഗ്രാന്റ് (ടൈഡ്) വിഭാഗം ഫണ്ടിൽ നിന്നും പദ്ധതിയിൽപെടുത്തി കേരള വാട്ടർ അതോറിറ്റിക്ക് അടവാക്കിയിരുന്നു. തനത് വരുമാനം നാമ മാത്രമായത്തിനാലും പുതിയ വരുമാന സ്രോതസ്സ് കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങളും പഞ്ചായത്തിൽ ലഭ്യമല്ലാത്തതിന്നാലും

വാട്ടർ അതോറിറ്റിക്കുള്ള കുടിവെള്ളക്കരം അടവാക്കുന്നതിന് ധനകാര്യ കമ്മിഷൻ ഗ്രാൻറ് (ടൈഡ്) വിഹിതത്തിൽ നിന്നും 2023-24 വർഷം 13,97,664/- രൂപയും 2024-25 വർഷം 4,65,888/- രൂപയും വിനിയോഗിച്ച നടപടിയ്ക്ക് സാധൂകരണം നൽകണമെന്നും, തുടർന്നും കേരള വാട്ടർ അതോറിറ്റിക്ക് അടവാക്കേണ്ട വെള്ളക്കരം അടവാക്കുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാൻറ് (ടൈഡ്) വിഹിതമോ വികസന ഫണ്ടോ -ഉപയോഗിക്കുന്നതിന് അനുവാദം നൽകണമെന്നും ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം സമർപ്പിക്കപ്പെട്ട അപേക്ഷ കോർഡിനേഷൻ സമിതി പരിഗണിച്ചിരുന്നു.

3. ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് നെഗറ്റീവാണ് എന്ന് വിലയിരുത്തിയ കോർഡിനേഷൻ സമിതി പരാമർശം (2) പ്രകരം താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തിരുന്നു.

1) 2023-24 വർഷം സി.എഫ്.സി. റ്റൈഡ് ഗ്രാന്റ് കുടിവെള്ള ചാർജ്ജിനായി ഉപയോഗിച്ചതിന്മേൽ ഓഡിറ്റ് കുറിപ്പുള്ളതിനാൽ 2023-24 വർഷം തുക ചെലവഴിച്ചതിന്മേൽ സാധൂകരണത്തിന് വകുപ്പുതലത്തിൽ നൽകാൻ നിർദ്ദേശിക്കുന്നു.

2) ഈ ഗ്രാമപഞ്ചായത്തിന് തനത് ഫണ്ട് നെഗറ്റീവ് ആയതിനാൽ 2024-25-ൽ കുടിവെള്ള ചാർജ്ജ് അടയ്ക്കാൻ CFC Tied ഗ്രാന്റ് ഉപയോഗിച്ചതിന് സാധൂകരണം നൽകുന്നു. എന്നാൽ വരും വർഷങ്ങളിൽ തനത് ഫണ്ട്, ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവ ഇതിനായി ഉപയോഗിക്കണമെന്നും ഈ വിഹിതം ഇല്ലാതെ വന്നാൽ വികസന ഫണ്ട് (ജനറൽ) ഉപയോഗിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

4. സർക്കാർ ഇക്കര്യം പരിശോധിച്ചു. കുടിവെള്ള ചാർജിനത്തിലെ കുടിശ്ശിക തുക കേരള വാട്ടർ അതോറിറ്റിക്ക് അടവാക്കുന്നതിനു 2024-25 വർഷം ധനകാര്യ കമ്മീഷൻ ഗ്രാൻറ് (ടൈഡ്) ഫണ്ട് വിനിയോഗിച്ച വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. വരും വർഷങ്ങളിൽ തനത് ഫണ്ട്, ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവ ഇതിനായി ഉപയോഗിക്കേണ്ടതും ഈ വിഹിതം ഇല്ലാതെ വന്നാൽ വികസന ഫണ്ട് (ജനറൽ) ഉപയോഗിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
സെക്രട്ടറി, വലിയപറമ്പ ഗ്രാമപഞ്ചായത്ത്, കാസർഗോഡ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shaija R M
Date: 03-10-2025 16:34:39
സെക്ഷൻ ഓഫീസർ

പകർപ്പ്-
തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്